**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **25-06-2024 - ൽ മറുപടിയ്ക്ക്**

**അക്വാട്ടിക്ക് ആനിമൽ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യ വിത്തുകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതുതായി മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 270 ലക്ഷം രൂപ അടങ്കൽ തുകയുടെ 50 ലക്ഷം കപ്പാസിറ്റിയുള്ള ഗിഫ്റ്റ് ഹാച്ചറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആയത് ഉടൻ തന്നെ പ്രവർത്തനക്ഷമമാകുന്നതാണ്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ 500 ലക്ഷം രൂപ അടങ്കൽ തുകയുടെ സമുദ്ര മത്സ്യഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. ആയത് ഉടൻ തന്നെ പ്രവർത്തനക്ഷമമാകുന്നതാണ്. എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഹാച്ചറിയിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 1120 ലക്ഷം രൂപ അടങ്കൽ തുകയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടം പൂർത്തിയായിട്ടുണ്ട്. മുൻ വർഷം ടി ഹാച്ചറിയിൽ നിന്നും 19.12 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 1981 ലക്ഷം രൂപയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് ജില്ലയിലെ കല്ലനോട് ഹാച്ചറിയിൽ തുടർന്നു വരുന്നു. ഇടുക്കി ജില്ലയിലെ ചെങ്കുളം, കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട എന്നിവിടങ്ങളിൽ യഥാക്രമം 654.95 ലക്ഷം, 1221 ലക്ഷം രൂപ അടങ്കൽ തുകയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉല്പാദന ശേഷിയുള്ള ഗിഫ്റ്റ് ഹാച്ചറികൾ പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമേ തൃശ്ശൂർ ജില്ലയിലെ അഴിക്കോട് 10 ലക്ഷം ഉല്പാദന ശേഷിയുള്ള പൊമ്പാനോ ഹാച്ചറി പ്രവർത്തിക്കുന്നു. കൂടാതെ പോളച്ചിറ, പള്ളം, മീങ്കര, ചുള്ളിയാർ, കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദന ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമായ മത്സ്യവിത്ത് സംസ്ഥാനത്തു തന്നെ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി ഹാച്ചറികളുടെ നിലവിലുള്ള ഉൽപ്പാദനക്ഷമത പൂർണമായി പ്രയോജനപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br><br>തദ്ദേശീയ മത്സ്യവിത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി 2020-21 വർഷം മുതൽ പിന്നാമ്പുറങ്ങളിലെ വരാൽ, കരിമീൻ മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 1057.56 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. 539 യൂണിറ്റുകൾ സ്ഥാപിക്കുകയും നാളിതുവരെ 97.51 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യ വിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും ആരംഭിച്ച അക്വാട്ടിക്ക് ആനിമൽ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഉല്പാദനം, പരിപാലനം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരളത്തിൽ മത്സ്യവിത്ത് നിയമം 2014 നടപ്പാക്കി വരുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹാച്ചറികൾ, മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ, മത്സ്യവിത്ത് വിപണന യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും മത്സ്യ വിത്ത് നിയമം നടപ്പാക്കുന്നതിനും കൊല്ലം ജില്ലയിലെ തേവള്ളി കേന്ദ്രമാക്കി സംസ്ഥാന മത്സ്യ വിത്ത് കേന്ദ്രവും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രാദേശിക മത്സ്യ വിത്ത് കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. മത്സ്യവിത്തുല്പാദന/പരിപാലന/വിപണന കേന്ദ്രങ്ങൾ നിയന്ത്രിക്കുന്നതിനും നിയമം നിഷ്കർഷിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിനും ഓരോ ജില്ലയിലും സീഡ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തിനു പുറത്തു നിന്നും അനധികൃതമായി റെയിൽവേസ്റ്റേഷൻ/ എയർപോർട്ട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കടത്തികൊണ്ടു വരുന്ന മത്സ്യ വിത്തുകൾ പിടിച്ചെടുക്കുന്നതിനും അതുമായി ബന്ധപ്പെട്ട് നിയമം നിഷ്കർഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനും സെൻട്രൽ ഇൻസ്പെക്ഷൻ കം സീഡ് അനാലിസിസ്സ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയത് എല്ലാ ജില്ലകളിലും പരിശോധന നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് മത്സ്യ രോഗങ്ങളുടെ നിരീക്ഷണം, രോഗ നിർണ്ണയം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 7 അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബുകൾ പന്നിവേലിച്ചിറ (പത്തനംതിട്ട), പള്ളം (കോട്ടയം), അഴീക്കോട് (തൃശൂർ), ഉണ്ണ്യാൽ (മലപ്പുറം), മലമ്പുഴ (പാലക്കാട്), തളിപ്പുഴ (വയനാട്), വെസ്റ്റ് ഹിൽ (കോഴിക്കോട്) എന്നിവിടങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ടി ലാബുകളിൽ മത്സ്യ/ചെമ്മീനുകളുടെ വൈറസ് രോഗ നിർണയത്തിനായുള്ള പി.സി.ആർ ടെസ്റ്റുകളും ബാക്ടീരിയ രോഗ നിർണയത്തിനുള്ള മൈക്രോബയോളജി ടെസ്റ്റുകളും മത്സ്യകൃഷി ചെയ്യുന്ന ജലം/മണ്ണിന്റെ PH, Salinity, Ammonia, Alkalinity, H2S, Total hardness തുടങ്ങിയ എല്ലാ പരിശോധനകളും നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. മെച്ചപ്പെട്ട പരിശോധനാ രീതികൾ അവലംബിക്കുന്നതിനായി പി.എം.എം.എസ്. വൈ പദ്ധതിയിലുൾപ്പെടുത്തി 9.75 കോടി രൂപ ചെലവിൽ കൊച്ചിയിലെ കുഫോസ് ആസ്ഥാനത്ത് ആധുനിക സജ്ജീകരണങ്ങളോട് കൂടിയ റഫറൽ ലാബ് പ്രവർത്തന സജ്ജമായിട്ടുണ്ട്. അഡാക്കിന്റെ കീഴിൽ എറണാകുളം ജില്ലയിലെ തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററും, തിരുവനന്തപുരം ജില്ലയിൽ ഓടയത്തും ലാബുകൾ പ്രവർത്തിച്ച് വരുന്നു.<br><br>ടി പ്രവർത്തനങ്ങൾ എല്ലാം തന്നെ മേഖലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും കൃത്യമായി വിലയിരുത്താറുണ്ട്. |
| (സി) | പുതിയ ഹാച്ചറികളും മത്സ്യവിത്ത് ഫാമുകളും സ്ഥാപിച്ചതിന്റെ ഫലമായി ഹാച്ചറികളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഹാച്ചറികളുടെയും മത്സ്യവിത്ത് ഫാമുകളുടെയും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതോടെ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022-23 വർഷത്തിൽ ഫിഷറീസ് വകുപ്പ്/ അഡാക്ക്/മത്സ്യ ഫെഡ് ഹാച്ചറികളിൽ നിന്നും 1200.55 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ആയത് 2023-24 വർഷം 1339.78 ലക്ഷം മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ